**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6127** **09-11-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ ജലസേചനത്തിന് കുഴൽകിണർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കാർഷിക ജലസേചനത്തിന് കുഴൽകിണർ നിർമ്മാണത്തിന് അനുമതി നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ സുരക്ഷിത ബ്ലോക്കുകളിൽ കാർഷികാവശ്യങ്ങൾക്ക് കുഴൽക്കിണർ കുഴിക്കുന്നതിന് ഭൂജലവകുപ്പിൽ നിന്നും ക്ലിയറൻസ് നൽകി വരുന്നു. കാസർഗോഡ് ബ്ലോക്കിൽ ഉൾപ്പെടുന്ന വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ ഏതൊരാവശ്യത്തിനുമുള്ള പുതിയ കുഴൽക്കിണർ നിർമ്മാണത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധ മാക്കിയിട്ടുണ്ട്. ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | അനുമതി നൽകുന്നില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | ജില്ലയിലെ ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മാണത്തിന് അനുമതി നൽകുന്നതിന് വേണ്ടി രൂപീകരിച്ച ബഹു. ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല വിദഗ്ധ സമിതിയുടെ (ജില്ലാ കളക്ടറുടെ 02.12.2019 – ലെ GWK/2258/19 നമ്പർ ഉത്തരവ്) തീരുമാന പ്രകാരം കാർഷികാവശ്യങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. |
| (സി) | കാർഷിക ജലസേചനത്തിന് കർഷകർ എന്ത് മാർഗ്ഗമാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് ജില്ലയിലെ നിയന്ത്രണമുള്ള ബ്ലോക്കുകളിൽ കാർഷികാവശ്യങ്ങൾക്ക് പ്രധാനമായും തുറന്ന കിണർ, കുളം തുടങ്ങിയ ഭൂജലസ്രോതസ്സുകളെ ആശ്രയിക്കാവുന്നതാണ്. കൂടാതെ, കാര്യക്ഷമമായ ജലഉപഭോഗത്തിനായി നൂതന മൈക്രോ ഇറിഗേഷൻ മാർഗ്ഗങ്ങളായ ഡ്രിപ്പ്, സ്പ്രിംഗ്ലർ തുടങ്ങിയവ ജില്ലയിൽ അവലംബിക്കാവുന്നതാണ്. |
| (ഡി) | വാട്ടർ റീചാർജ്ജ് വ്യവസ്ഥയോടെ ജില്ലയിലെ കർഷകർക്ക് കുഴൽ കിണർ നിർമ്മാണത്തിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ബഹു. ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല വിദഗ്ധ സമിതിയുടെ (ജില്ലാ കളക്ടറുടെ 02.12.2019 – ലെ GWK/2258/19 നമ്പർ ഉത്തരവ്) നിർദ്ദേശാനുസരണം വാട്ടർ റീചാർജ്ജ് വ്യവസ്ഥയോടെ കാസർഗോഡ് ജില്ലയിലെ |

| | | | |
|---|---|---|---|
| | | | കർഷകർക്ക് കുഴൽക്കിണർ നിർമ്മാണത്തിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ